# അർഥ് ആയുർവേദിക് കേന്ദ്രം കോളജും ആശുപത്രിയും തുടങ്ങും

ബാംഗ്ലൂർ: ഇന്ദിരാനഗർ അർഥ് ആയുർവേദിക് ഹെൽത്ത് സെന്റർ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് ബെല്ലാപ്പുരയിൽ 200 കിടക്കകളോടുകൂടിയ ആയുർവേദ ചാരിറ്റബിൾ ആശുപത്രിയും കോളജും സ്ഥാപിക്കുമെന്ന് മെഡിക്കൽ ഡയറക്ടർ ഡോ. പ്രശാന്ത് എസ്. ആചാര്യ അറിയിച്ചു. ആറു മാസത്തിനുള്ളിൽ പദ്ധതി നടപ്പാക്കാനാണ് പരിപാടി. പരമ്പരാഗത ആയുർവേദ ചികിൽസാ രീതികൾ ഏകീകരിക്കുന്നതിന്റെ ഭാഗമായി പഞ്ചകർമ തെറപ്പിസ്റ്റുകൾക്ക് പരിശീലനം നൽകാനും പദ്ധതിയുണ്ട്. ഔഷധ സസ്യങ്ങൾ സംരക്ഷിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്താൻ കർഷകർ തയാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഇന്ദിരാനഗറിലെ ഹെൽത്ത് സെന്ററിൽ പുറംവേദന, പ്രമേഹം തുടങ്ങിയവയ്ക്കായി പ്രത്യേകം ചികിൽസ ലഭ്യമാക്കുന്നതായി പ്രശാന്ത് പറഞ്ഞു.